

# സ്നേഹത്തോടെ മലർവാടിക്ക്...

കുറേ ദിവസമായി നിനക്കൊരു കത്ത് എഴുതണമെന്ന് വിചാരിക്കു ന്നു. ഒരുപാട് അറിവുകളാണ് മലർവാടി എനിക്ക് പകർന്നുതരുന്നത്. പൂച്ചപ്പോലീസ്, പട്ടാളം പൈലി, ചക്കര ഇഞ്ചിങ്ങ തുടങ്ങിയ കഥകളെല്ലാം എനിക്ക് നല്ല ഇഷ്ടമാണ്. കുഞ്ഞാവ എന്ന നോവൽ നന്നായിരുന്നു. അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

**അൻസിയ ബീഗം, ക്ലാസ് : 5**
**എസ്.എച്ച്.എം.യു.പി സ്കൂൾ, കൂട്ടായി**

പ്രിയപ്പെട്ട മലർവാടീ,
ഞാൻ നിന്റെ സ്ഥിരം വായനക്കാരനാണ്.
എനിക്ക് പട്ടാളം പൈലിയാണ് ഏറ്റവും ഇഷ്ടം. പിന്നെ പൂച്ചപ്പോലീസ്. ഇനിയും കുറച്ച് ചിത്രകഥകൾ കൂടി മലർവാടിയിൽ ഉൾപ്പെടുത്തണം.

**നിഷാൻ ജാഫർ ,ക്ലാസ് 9**
**ജി.എച്ച്.എസ്.എസ്, കുറ്റ്യാടി**

പ്രിയപ്പെട്ട മലർവാടീ,
ഇപ്പോൾ ലോക്ക് ഡൗൺ സമയത്ത് പുസ്തകങ്ങൾ വാങ്ങാനൊന്നും പറ്റുന്നില്ല. വൈകിയാണെങ്കിലും മലർവാടി കിട്ടുന്നുണ്ട്.
പട്ടാളം പൈലിയും പൂച്ചപ്പോലീസുമാണ് എനിക്ക് ഇഷ്ടം. സ്കൂൾ മുറ്റം എനിക്ക് പുതിയ പുതിയ അറിവുകൾ തരുന്നു. മലർവാടിക്ക് എല്ലാവിധ ആശംസകളും നേരുന്നു
സ്നേഹത്തോടെ
**ആലിയ. വി.എൻ**
**ക്ലാസ് 9**
**എച്ച്.ജി.സി.ജി.എച്ച്.എസ്.എസ്**

പ്രിയപ്പെട്ട മലർവാടീ,
രണ്ടു വർഷമായി ഞാൻ മലർവാടി വായിക്കാൻ തുടങ്ങിയിട്ട്. അതിലെ കഥകളും കവിതകളും വായിച്ചിട്ട് ഇപ്പോൾ മലർവാടി എന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

**മുഹമ്മദ് ഹുദൈഫ്,**
**ക്ലാസ് 8**
**എ.കെ.എം.എച്ച്.എസ്.എസ്, കൊട്ടൂർ**

പ്രിയപ്പെട്ട മലർവാടീ,
നിന്നോടെനിക്ക് ഒരുപാട് നന്ദി പറയാനുണ്ട്. എന്റെ കൂട്ടുകാരിക്ക് വായന ഇഷ്ടമാകാൻ കാരണം നീയാണ്. എന്റെ കുറേ കൂട്ടുകാരികൾ ഇപ്പോൾ നിന്റെ വായനക്കാരാണ്. എന്റെ കൂട്ടുകാരിയുടെ ഉമ്മ പറഞ്ഞിട്ടാണ് ഞാനീ കത്തെഴുതുന്നത്. ഒരുപാട് നന്ദി മലർവാടീ..

**സൈനബ സന. കെ**
**ക്ലാസ് 5**
**ഇർഷാദ് സ്കൂൾ, ചങ്ങലീരി**



**നിങ്ങളുടെ കത്തുകൾ**
മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ മാപ്പിളപ്പാട്ടിലെ സന്ദേശകൃതികൾക്ക് പറയുന്ന പേര്- കത്ത് പാട്ടുകൾ